## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കൊടുവള്ളി ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ പൂർണ്ണ അധികചുമതല സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം.ബി1/11073/2017/കോവി.വ തീയതി - 31/01/2018

---

പരാമർശം;- കെടുവള്ളി ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ 30/01/2018 തീയതിയിലെ ബി1-619/2017/1 നമ്പർ കത്ത്.

## ഉത്തരവ്

കൊടുവള്ളി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ പ്രിൻസിപ്പാളായ ഡോ.ബി. അജിത കുമാരി 19/01/2018 മുതൽ 28/02/2018 വരെ അവധിയിൽ പ്രവേശിച്ചിരിക്കുന്ന സാഹചര്യത്തിൽ ടി സ്ഥാപനത്തിലെ പ്രിൻസിപ്പാളിന്റെ അധിക ചുമതല നൽകുന്നതിന് മേൽ പരാമർശം പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കൊടുവള്ളി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാളിന്റെ സാമ്പത്തിക അധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല, ടി സ്ഥാപന ത്തിലെ മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.സജിത കിഴിനിപ്പുറത്തിന് സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
എം.എസ്.ജയ.ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. പ്രിൻസിപ്പൽ സെക്രട്ടറി
   ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്
2. പ്രിൻസിപ്പാൾ, ഗവൺമെന്റ് കോളേജ്, കൊടുവള്ളി
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളാ, കോട്ടയം.
4. കരുതൽ ഫയൽ/ നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ.01/02/2018

2588606 GOVERNMENT OF KERALA